(സി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ഇരിക്കൂർ ഗവൺമെൻറ് സ്കൂൾ

417 [764] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ് ടെണ്ടർ ചെയ്തു പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയ്ക്കാണ് കെട്ടിടം പണി ടെണ്ടർ ചെയ്തത്;

(സി) 1985 ജൂലൈ 1 വരെ എവിടംവരെ കെട്ടിടത്തിന്റെ പണി പൂർത്തിയായി;

(ഡി) കോൺട്രാക്ടർക്ക് ഗവൺമെൻറിൽനിന്നും പൂർത്തിയായ കെട്ടിടത്തിനുള്ള പണം നൽകിയോ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10,33,920 രൂപയ്ക്ക്.

(സി) ഒന്നാം നിലയുടെ ചുമരുകളും പൂർത്തിയായി.

(ഡി) പൂർത്തിയാക്കിയ കെട്ടിടം പണിക്കുള്ള തുക 1,79,485രൂപ 6-9-1985-ൽ നൽകിയിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.

എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

418 [765] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട ചേവായൂർ സബ്ജില്ലയിലെ എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് ഉണ്ടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യയാണു് മതിപ്പു ചെലവു് കണക്കാക്കിയിട്ടുള്ളതു്;

(സി) എന്നു പണി തുടങ്ങുവാൻ കഴിയുമെന്നു് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിനു് ആവശ്യമുള്ളത്ര കെട്ടിട സൗകര്യം ഇല്ല എന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ കൂടുതൽ കെട്ടിട സൗകര്യം ഉണ്ടാക്കുന്നതിലേക്കായി സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്കൂളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമുള്ളത്ര പണം ലഭ്യമല്ലാത്തതിനാൽ പുതിയ പണികളും ഉടനെ ആരംഭിക്കുവാൻ നിവൃത്തിയില്ല. ആയതിനാൽ എസ്റ്റിമേറ് തയ്യാറാക്കുവാനായി പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടിൻെറ ലഭ്യതയനുസരിച്ചു് മുൻഗണനാ പ്രകാരം പണി തുടങ്ങാനുള്ള നടപടികളും സ്വീകരിക്കുന്നതാണു്.

പള്ളിപ്പുറം മാപ്പിള യു.പി. സ്കൂളിൻെറ കെട്ടിട നിർമ്മാണം

419 [766] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഉപജില്ലയിലെ പള്ളിപ്പുറം മാപ്പിള യു.പി. സ്കൂളിൻെറ കെട്ടിട നിർമ്മാണം പൂർത്തിയായോ;

(ബി) പുതിയ കെട്ടിടത്തിലേക്കു് സ്കൂൾ മാറ്റാത്തതെന്താണു്;

(സി) താമരശ്ശേരി ഗവൺമെൻറ് ഹൈസ്കൂളിനു് ഒരു പുതിയ കെട്ടിടവുംകൂടി പണിയണമെന്നു് സ്കൂളിൻെറ പി.ടി.എ. ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തു് നടപടി സ്വീകരിച്ചു;

(ഇ) പൂവാറൻതോടു് (കുന്നമംഗലം സബ്ജില്ല) ജി.എൽ.പി. സ്കൂളിനു് സ്വന്തമായി കെട്ടിടമുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കാൻ ദയയുണ്ടാകുമോ?

ഉത്തരം

(എ) പൂർത്തിയായി വരുന്നു.

(ബി) പൂർത്തിയായാലുടൻ പുതിയകെട്ടിടത്തിലേക്കു മാറുന്നതാണു്.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly